13-ാം കേരള നിയമസഭ

12-ാം സമ്മേളനം

09.12.2014-ലെ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2386

# കുടിശ്ശികയായ സർക്കാർ ബാദ്ധ്യതകൾ

| ചോദ്യ കർത്താവ് | | മറുപടി പറയുന്നത് |
|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| ചോദ്യം | | ഉത്തരം |
| എ | സംസ്ഥാന സഹകരണ ബാങ്കിനും ഇതര സഹകരണ ബാങ്കുകൾക്കും കൊടുത്തു തീർക്കാനുള്ള കുടിശ്ശികയും കൺസ്യൂമർ ഫെഡറേഷന് കൊടുത്തു തീർക്കാനുള്ള സബ്സിഡി കുടിശ്ശികയും ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ? | സംസ്ഥാന സഹകരണ ബാങ്കിനും, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്കും മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും, 5 ജില്ലാ സഹകരണ ബാങ്കുകൾക്കും കൂടി 129.50 കോടി രൂപയും ചേർത്ത് ആകെ 199.50 കോടി രൂപ 4425-107-89 ശീർഷകത്തിൽ നിന്നും സർക്കാർ ഓഹരി മൂലധനമായി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി ശീർഷകത്തിൽ മതിയായ തുക ലഭ്യമല്ലാതിരുന്നതിനാലും ഉപധനാഭ്യർത്ഥന മുഖേന തുക ഉടൻ ലഭ്യമാക്കാൻ കഴിയാതിരുന്നതിനാലും, ടി തുകയിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭിക്കേണ്ട 129.50 കോടി രൂപ സംസ്ഥാന സർക്കാരിനുവേണ്ടി സംസ്ഥാന സഹകരണ ബാങ്ക് അതാത് ജില്ലാ സഹകരണ ബാങ്കുകൾക്ക് 29.06.2013-ന് നൽകുകയും ചെയ്തു. 6.3.2014-ലെ 186/2014/സഹ. നമ്പർ ഉത്തരവ്, 28.03.2014-ലെ 118/2014/ധന നമ്പർ ഉത്തരവ് പ്രകാരം 23 മാസ കാലയളവിലെ ഒരു നിക്ഷേപ പദ്ധതിയ്ക്ക് അംഗീകാരം നല്കുകയും ആയത് പ്രകാരം 27.95 കോടി രൂപ |

| | | |
|---|---|---|
| | | സ്വരൂപിക്കുകയും ആയത് 2014-15-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 4425-107-85 ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക പിൻവലിച്ച് നല്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 18.07.2014-ലെ സ.ഉ.(സാധാ) നം. 5565/2014/ധന ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിച്ചു നല്കിയതിന്റെ അടിസ്ഥാനത്തിൽ സ്വരൂപിച്ച 30.96 കോടി രൂപ രണ്ടാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br><br>സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം കൺസ്യൂമർ ഫെഡറേഷന് 307.76 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ടെന്ന് അവകാശപ്പെടുന്നു.<br>ഓണം, ബക്രീദ്, റംസാൻ തുടങ്ങിയ ഉത്സവ സീസണുകളിൽ പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് കൺസ്യൂമർഫെഡ് മുഖേന സബ്സിഡി അനുവദിച്ചു വരുന്നു. ഉത്സവ സീസൺ കഴിഞ്ഞ് 2 മാസത്തിനുള്ളിൽ ആഡിറ്റ് ചെയ്ത കണക്കുകൾ ലഭ്യമാക്കി ആയത് ധനകാര്യ (പരിശോധനാ) വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തിയാൽ മാത്രമേ കൺസ്യൂമർഫെഡറേഷന് കൊടുത്തു തീർക്കുവാനുള്ള യഥാർത്ഥ സബ്സിഡി കുടിശ്ശിക കണ്ടെത്താൻ സാധിക്കുകയുള്ളൂ. എന്നാൽ യഥാസമയം കൺസ്യൂമർഫെഡിൽ നിന്നും ആഡിറ്റ് ചെയ്ത കണക്കുകൾ ലഭ്യമാക്കാറില്ല. |

സെക്ഷൻ ഓഫീസർ.